പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 394</u> <u>27.9.2011-ൽ മറുപടിക്ക്</u>

## മാലിന്യനിർമ്മാർജനത്തിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം.പാലിശ്ശേരി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) പഞ്ചായത്തുകളിൽ മാലിന്യ നിർമ്മാർജനത്തിനും പരിസര ശുചീകരണത്തിനും പ്രാധാന്യം നൽകുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യം ശേഖരിച്ച് പരിസ്ഥിതിക്കും മനുഷ്യർക്കും ദോഷകരമല്ലാത്ത തരത്തിൽ സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യാനുള്ള ഉത്തരവാദിത്വം 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. ഗ്രാമപഞ്ചായത്തിൽ ഉണ്ടാകുന്ന ഖരമാലിന്യ ശേഖരണം, പരിവഹണം, സംസ്കരണം, നിർമ്മാർജ്ജനം എന്നിവ നിർവ്വഹിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ നിയമപരമായ ചുമതലയാണ്. ജൈവമാലിന്യങ്ങൾ സംസ്കരിക്കാനായി കമ്പോസ്റ്റിംഗ് സംവിധാനത്തിലൂടെയും അജൈവ മാലിന്യങ്ങളിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ളവ ഷ്രെഡ് ചെയ്ത് പുന:ചംക്രമണം ചെയ്യുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. ഈ പ്രവർത്തനങ്ങൾക്ക് ഭാഗിക സാമ്പത്തിക സഹായം ശുചിത്വ മിഷൻ മുഖാന്തിരം നൽകി വരുന്നു. |
| ബി) ഗ്രാമപഞ്ചായത്തുകളുടെ ശുചിത്വ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം സഹായങ്ങ | ബി) ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഖരമാലിന്യ പരിപാലന ചുമതല നിറവേറ്റുന്ന |

ളാണ് നൽകി വരുന്നത്;
വിശദാംശം വ്യക്തമാക്കുമോ ?

തിനായി തയ്യാറാക്കുന്ന പദ്ധതിക്ക് 60%മോ പരമാവധി 7.5 ലക്ഷം രൂപയോ കേന്ദ്ര പദ്ധതിയായ സമ്പൂർണ്ണ ശുചിത്വയജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി ശുചിത്വമിഷൻ വഴി നൽകി വരുന്നു. സ്ഥാപനങ്ങളിലും, ചന്തകളിലും, ആശുപത്രികളിലും സ്ഥാപിക്കുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് പദ്ധതി തുകയുടെ 60%മോ പരമാവധി 4 ലക്ഷം രൂപയോ സമ്പൂർണ്ണ ശുചിത്വയജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി ശുചിത്വമിഷൻ വഴി സാമ്പത്തിക സഹായം ലഭ്യമാക്കി വരുന്നു. കൂടാതെ, ഒരു വാർഡിനെ അല്ലെങ്കിൽ ഒന്നിൽ കൂടുതൽ വാർഡുകളെ മാലിന്യമുക്ത മാക്കുന്നതിന് വീടുകളിലെ മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 50% തുക സബ്സിഡിയായി നൽകുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ചു കൊണ്ട് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ